# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4137 25.06.2014 - ൽ മറുപടിക്ക്

## അയണിമൂട് ഇന്ദിര ഗാർഡൻസിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) തിരുവനന്തപുരം ജില്ലയിൽ വെടിവച്ചാൻ കോവിൽ അയണിമൂട് സെക്രട്ടേറിയറ്റ് ഹൗസിംഗ് കോളനിയായ ഇന്ദിരാ ഗാർഡൻസിൽ ആഴ്ചയിലൊരിക്കൽ മാത്രമാണ് കുടിവെള്ളം കിട്ടുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ , ജലലഭ്യതയ്ക്ക് മറ്റു യാതൊരു മാർഗ്ഗവുമില്ലാത്ത പ്രസ്തുത കോളനിയിൽ യഥേഷ്ടം കുടിവെള്ളം ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത ഹൗസിംഗ് കോളനിയിൽ എന്നു മുതൽ കുടിവെള്ളം ദിവസേന നൽകി തുടങ്ങാനാകുമെന്നും വ്യക്തമാക്കുമോ?

(ബി) ജല അതോറിറ്റിയുടെ നെയ്യാറ്റിൻകര ഡിവിഷന്റെ പരിധിയിൽ വരുന്ന ചൂഴാറ്റുകോട്ട പമ്പ് ഹൗസിൽ നിന്നും ജലം പമ്പ് ചെയ്ത് മൊട്ടമൂട് സംഭരണിയിൽ എത്തിച്ച് അവിടെ നിന്നും താന്നിവിള ഒ.എച്ച്.എസ്.ആർ. ലേക്ക് പമ്പ് ചെയ്താണ് അയണിമൂട് ഇന്ദിരാ ഗാർഡൻസിലും പരിസര പ്രദേശങ്ങളിലും ജലവിതരണം നടത്തുന്നത്. തുടർച്ചയായുള്ള വൈദ്യുതി തടസ്സവും പമ്പിംഗ് ലൈനുകളുടെ അറ്റകുറ്റപണികൾ നടക്കുമ്പോഴും പ്രസ്തുത പ്രദേശങ്ങളിൽ ജലവിതരണം തടസ്സപ്പെടാറുണ്ട്. തിരുവനന്തപുരം പ്രോജക്ട് ഡിവിഷന്റെ കീഴിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പള്ളിച്ചൽ ബാലരാമപുരം വിളവൂർക്കൽ പഞ്ചായത്തുകൾക്കുള്ള സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുമ്പോൾ ഈ ഭാഗത്തെ ജലദൗർലഭ്യത്തിന് പരിഹാരമാകും. പദ്ധതിയുമായി ബന്ധപ്പെട്ട പണികൾ

പുരോഗമിക്കുന്നു. ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ